# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2574

19/07/2011ൽ മറുപടി നൽകേണ്ടിയിരുന്നത്


### കൊല്ലം ജില്ലയിലെ എൽ.ഡി.ക്ളാർക്ക് റാങ്ക് ലിസ്റ്റ്

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. കൊല്ലം ജില്ലയിലേക്ക് തയ്യാറാക്കിയ എൽ. ഡി. ക്ളാർക്ക് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്ന് നിലവിൽ വന്നുവെന്നും, റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്നും അറിയിക്കുമോ; | (എ) കൊല്ലം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ.ഡി.സി. തസ്തികയുടെ റാങ്ക്ലിസ്റ്റ് 01.01.09ൽ നിലവിൽ വന്നു. ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി 31.12.11-ൽ അവസാനിക്കും. |
| (ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്രപേരെ നിയമിച്ചുവെന്നും, ഇനിയെത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുവാൻ സാധ്യത ഉണ്ടെന്നും വെളിപ്പെടുത്തുമോ ; | (ബി) ടി ലിസ്റ്റിൽനിന്നും 819 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 32 ഒഴിവുകളിലേക്ക് നിയമന ശിപാർശ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇനി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുവാൻ സാദ്ധ്യത ഉണ്ടെന്ന വിവരം മുൻകൂട്ടി പറയുവാൻ കഴിയുകയില്ല. റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ശിപാർശ നൽകുന്നതാണ്. |
| (സി) ജില്ലയിലെ വിവിധ വകുപ്പുകളിൽനിന്നും ലിസ്റ്റ് നിലവിൽ വന്ന ശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിൽ ജില്ലാതല മേധാവികൾ അനാസ്ഥ കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം വിവിധ വകുപ്പുകളിൽനിന്നും 793 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ നടത്തിയ ശേഷിക്കുന്ന ഒഴിവുകൾ റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതിയ്ക്ക് മുമ്പ് റിപ്പോർട്ട് ചെയ്തതാണ്. വേക്കൻസി റിപ്പോർട്ട് ചെയ്യുന്നതിൽ ജില്ലാതല മേധാവികൾ അനാസ്ഥ കാണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(ഡി) ജില്ലയിൽനിന്നും പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ വടക്കൻ ജില്ലകളിൽ നിന്നോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ജീവനക്കാരെ നിയമിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഡി) ഇല്ല.

(ഇ) കൊല്ലം ജില്ലയിൽ എൽ.ഡി. ക്ളാർക്ക് റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ എല്ലാ വകുപ്പു മേധാവികളും ഇപ്പോഴുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(എഫ്) പ്രസ്തുത കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുവാൻ തയ്യാറാകുമോ ?

(ഇ) + (എഫ്) നടപ്പു സാമ്പത്തിക വർഷം 31.3.2012 വരെ ഉണ്ടാകുന്ന എല്ലാ പ്രതീക്ഷിത ഒഴിവുകളും, 31.3.2012-ന് ജീവനക്കാർ വിരമിക്കുന്നതിന് അനുസരണമായി എൻട്രീ കേഡറിൽ ഉണ്ടാകാവുന്ന ഒഴിവുകൾ ഉൾപ്പെടെ, പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നിയമനാധികാരികൾ വീഴ്ച വരുത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ അവലോകനവും നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ